**കേരള കാർഷിക സർവ്വകലാശാല**
**സെന്റർ ഫോർ ഇ–ലേണിംഗ്**

**നം. സി.ഇ.എൽ –18/2017** **തീയതി. 14–07–2017.**

**ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്കുള്ള പ്രവേശന വിജ്ഞാപനം**

കേരള കാർഷിക സർവ്വകലാശാലയുടെ ഇ–പഠന കേന്ദ്രത്തിലെ (സെന്റർ ഫോർ ഇ –ലേണിംഗ്) അന്താരാഷ്ട്ര അവാർഡ് കരസ്ഥമാക്കിയ **ഇ–കൃഷി പാഠശാല** (Online courses in Agriculture) താഴെപ്പറയുന്ന ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

| | |
|---|---|
| 1 | ജൈവകൃഷി (Organic Agricultural Management) |

ആറ് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ആണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / പത്താംക്ലാസ് വിജയമാണ് ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. അപേക്ഷകർക്ക് നിർബന്ധമായും ഇ–മെയിൽ ഐ.ഡിയും മൊബൈൽഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്.

നിശ്ചിത യോഗ്യതയുള്ളവർ സെന്റർ ഫോർ ഇ –ലേണിംഗ് ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് (Account No.**67368597330**, S.B.I. K.A.U Campus Branch, IFSC: SBIN0070670, Branch Code: 000670) ഓൺലൈൻ ബാങ്കിംഗ്/NEFT വഴി ചുവടെ ചേർത്തിട്ടുള്ള നിരക്കിലുള്ള ഫീസ് അടച്ചതിനു ശേഷം www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നൽകിയിരിക്കുന്ന ഓൺലൈൻ ഫോറം വഴി വിവരങ്ങൾ സമർപ്പിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

| **ഫീസ് നിരക്കുകൾ:** | |
|---|---|
| സാധാരണ നിരക്ക് | **6500** രൂപ |
| വിദ്യാർഥികൾ (50% ഫീസ് ഇളവ്) | **3250** രൂപ |
| കുറഞ്ഞത് 20 പേർ അടങ്ങുന്ന ഗ്രൂപ്പ് | ഒരാൾക്ക് **5000** രൂപ വീതം |
| കുറഞ്ഞത് 50 പേർ അടങ്ങുന്ന ഗ്രൂപ്പ് | ഒരാൾക്ക് **4000** രൂപവീതം |
| കുറഞ്ഞത് 100 പേർ അടങ്ങുന്ന ഗ്രൂപ്പ് | ഒരാൾക്ക് **3250** രൂപവീതം |

SSLC, പ്രീഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ. ഇവയിലേതെങ്കിലുമോ, തത്തുല്യമോ, ഉയർന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി സ്കാൻ ചെയ്ത് celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. നിലവിൽ ജോലി ചെയ്യുന്നവർക്കും മറ്റു കോഴ്സുകൾ പഠിക്കുന്നവർക്കും ഏത് രാജ്യത്തുള്ളവർക്കും അപേക്ഷിക്കാം. പ്രായപരിധിയില്ല. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: **2017 ജൂലൈ 31**

കോഴ്സുകൾ **2017 ഓഗസ്റ്റ് 3**–ന് ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയനിവൃത്തിക്ക് celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലോ 0487–2438567 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്)
**ഡയറക്ടർ**